# LITTLE FLOWER U P SCHOOL, KALOOR

# ACADEMIC MASTER PLAN

## 2025-2026

## ഉള്ളടക്കം


1. ആമുഖം
2. ലക്ഷ്യങ്ങൾ
3. വിദ്യാലയത്തിന്റെ ലഘുചരിത്രം
4. വിദ്യാലയം മികവിന്റെ കേന്ദ്രം - കാഴ്ചപ്പാട്
5. പദ്ധതി രൂപീകരണ പ്രക്രിയ - വിവിധ ഘട്ടങ്ങൾ
6. നിലവിലെ അവസ്ഥാ വിശകലനം
7. മികവിനായി ഏറ്റെടുക്കേണ്ട പ്രവർത്തനങ്ങൾ ഒറ്റനോട്ടത്തിൽ
8. പദ്ധതി വിശദാംശങ്ങൾ
9. പ്രതീക്ഷിക്കുന്ന നേട്ടങ്ങൾ
10. മോണിട്ടറിംഗ്
11. ഉപസംഹാരം


## അനുബന്ധം


1. വിദ്യാലയത്തിന്റെ സ്കെച്ച്
2. മികവുകൾ, നേട്ടങ്ങൾ
3. നിലവിലുള്ള കമ്മറ്റികൾ, അംഗങ്ങൾ.

# അടിസ്ഥാന വിവരങ്ങൾ

1. വിദ്യാലയത്തിന്റെ പേര് : ലിറ്റിൽ ഫ്ലവർ യു. പി. എസ്

വിലാസം : കലൂർ P. O, കൊച്ചി
പിൻ - 682017

ഫോൺ : 8156905067

2. സ്കൂൾ കോഡ് : 26251
3. വിദ്യാഭ്യാസ ഉപജില്ല : എറണാകുളം
4. വിദ്യാഭ്യാസ ജില്ല : എറണാകുളം
5. റവന്യൂ ജില്ല : എറണാകുളം
6. ബി. ആർ. സി : ഇടപ്പിള്ളി
7. സി. ആർ. സി : പാടിവട്ടം
8. ഡിവിഷൻ/വാർഡ് : 72/44
9. നഗരസഭ : കൊച്ചി
10. നിയമസഭാ മണ്ഡലം : എറണാകുളം
11. ലോകസഭാ മണ്ഡലം : എറണാകുളം
12. താലൂക്ക് : കണയന്നൂർ
13. വില്ലേജ് : എളംകുളം
14. ഇ - മെയിൽ : lfupskaloor@gmail.com

## 1. ആമുഖം

എറണാകുളത്ത് മൗണ്ട് കാർമൽ ചാത്യാത്ത് ദേവാലയത്തിന്റെ പരിധിയിലായിരുന്നു പൊറ്റക്കുഴിയും പരിസരപ്രദേശങ്ങളും. 1898 ലാണ് ചാത്യാത്ത് ആദ്യമായി സ്കൂൾ തുടങ്ങിയത്. എന്നാൽ പൊറ്റക്കുഴിയിൽ നിന്നുള്ള യാത്രാസൗകര്യം ദുരിതപൂർണമായിരുന്നു. അങ്ങനെ ചാത്യാത്ത് പള്ളിയിൽ സേവനമനുഷ്ഠിച്ചിരുന്ന വിറ്റാലിയാസ് (1921-25) എന്ന ഇംഗ്ലീഷ് പാതിരിയാണ് ഇവിടെ ഒരു വിദ്യാലയത്തിന്റെ ആവശ്യകതയെപ്പറ്റി ജനങ്ങളോട് സംസാരിക്കുകയും തൽഫലമായി പൊറ്റക്കുഴിയിലെ ആദ്യത്തെ പള്ളിക്കൂടം പ്രവർത്തനം തുടങ്ങുകയും ചെയ്തു. വിമോചന സമര കാലത്ത് പള്ളിയുടെ വടക്കുവശത്തു സ്ഥാപിച്ച കെട്ടിടം പിന്നീട് സ്ഥലപോരായ്മ നിമിത്തം പഴയ പള്ളിയുടെ തെക്കുഭാഗത്ത് പണികഴിപ്പിച്ചു. ക്രമേണ അത് ഒരു കോൺക്രീറ്റ് കെട്ടിടമാക്കി ഉയർത്തി.

## 2. ലക്ഷ്യങ്ങൾ

- എൽ. കെ.ജി മുതൽ 7-ാം ക്ലാസ് വരെ ഓരോ ക്ലാസിലും പാഠ്യപദ്ധതിയനുസരിച്ച് നേടേണ്ട ശേഷികൾക്ക് ഊന്നൽ നൽകിക്കൊണ്ടുള്ള പ്രവർത്തനങ്ങളും സമയബന്ധിതമായി നടപ്പാക്കാൻ ഉതകുന്ന മാർഗ

സേവയും ത്യാഗങ്ങൾ.

- വിവര സാങ്കേതികതയുടെ സഹായത്തോടെ പഠനം രസകരവും പ്രയോജനപ്രദവുമായ അനുഭവമാക്കി മാറ്റുക.
- വിദ്യാലയത്തിന്റെ ഭൗതികവും, അക്കാദമികവുമായ നിലവാരം ഉയർത്തുന്നതിലൂടെ കൂടുതൽ കുട്ടികളെ ഈ വിദ്യാലയത്തിലേക്ക് ആകർഷിക്കുക.
- ഭാഷാ - മത നിരപേക്ഷ ജനാധിപത്യ മൂല്യങ്ങൾ ഉയർത്തിപ്പിടിച്ച് സൗജന്യ വിദ്യാഭ്യാസം സമസ്ത ജനവിഭാഗങ്ങൾക്കും ഉറപ്പുവരുത്തുക.
- അദ്ധ്യാപനവും, അദ്ധ്യയനവും സർഗാത്മകവും രസകരവുമാക്കുന്നതിന് ഉപകരിക്കുന്ന വിധത്തിലുള്ള വിവിധ പ്രവർത്തനങ്ങൾ രൂപപ്പെടുത്തൽ.

## 3. വിദ്യാലയത്തിന്റെ ചരിത്രം:

പഴയ കൊച്ചി രാജ്യത്ത് 1926 മെയ് മാസം 31-ാം തിയതി തിങ്കളാഴ്ച്ച പൊറ്റക്കുഴി പ്രദേശത്ത് ഓലമേഞ്ഞ ഒരു ഷെഡ്ഡിൽ വിശുദ്ധ ചെറുപുഷ്പത്തിന്റെ നാമധേയത്തിലുള്ള എൽ. എഫ്. എൽ. പി സ്കൂൾ അതിന്റെ പ്രവർത്തനം നവമായി ആരംഭിച്ചു. ആദ്യത്തെ മാനേജർ റവ. ഫാ. അലക്സാണ്ടർ ലന്തപ്പറമ്പിലും പ്രഥമ ഹെഡ്മാസ്റ്റർ ശ്രീ പി. പി. ജേക്കബും ആയിരുന്നു. ആരംഭത്തിൽ രണ്ട് ഒന്നാം ക്ലാസുകളിലായി 112 വിദ്യാർത്ഥികളും ഹെഡ്മാസ്റ്റർ അടക്കം 2 അധ്യാപകരും മാത്രമേ ഉണ്ടായിരുന്നുള്ളൂ.

1975-ൽ 1 മുതൽ 4 വരെ 20 ഡിവിഷനുകളുണ്ടായ വിദ്യാലയം 1980-ൽ ജൂൺ മാസം 3 ഡിവിഷനുകളുള്ള 5-ാം ക്ലാസ് ആരംഭിച്ച് യു.പി സ്കൂളായി ഉയർത്തപ്പെട്ടു. 1982-83 അധ്യയന വർഷത്തോടെ 28 ഡിവിഷനുകളും 33 അധ്യാപകരും ഉള്ള പൂർണ്ണ യു.പി സ്കൂളായി തീർന്നു.

4. വിദ്യാലയം മികവിന്റെ കേന്ദ്രം - കാഴ്ചപ്പാട്

- അന്തർദേശീയ നിലവാരത്തിലേക്ക് അതാതു ക്ലാസിലെ വിദ്യാർത്ഥികളെ ഉയർത്തുക.
- ഭാഷകൾ അനായാസം കൈകാര്യം ചെയ്യാൻ സഹായകമായ പ്രവർത്തനങ്ങൾ നടപ്പാക്കുക.
- പാഠ്യ-പാഠ്യാനുബന്ധ പ്രവർത്തനങ്ങളിൽ സജീവ താൽപര്യത്തോടെ കുട്ടികൾ പങ്കെടുക്കുന്ന വിദ്യാലയ അന്തരീക്ഷം സൃഷ്ടിക്കൽ.
- പാർശ്വവൽക്കരിക്കപ്പെട്ടവർക്ക് പ്രത്യേക പരിഗണനയും പങ്കാളിത്തവും ഉറപ്പാക്കുന്ന വിദ്യാലയ അന്തരീക്ഷം ഒരുക്കൽ.
- ഇതര സംസ്ഥാന വിദ്യാർത്ഥികളെ കൈപിടിച്ച് അക്ഷരമുറ്റത്തേക്ക് ആനയിക്കാനും നമ്മുടെ സംസ്കാരം കൈമാറാനും.
- മാനുഷിക മൂല്യങ്ങളാൽ സമ്പന്നരായ ഒരു യുവതലമുറയെ വാർത്തെടുക്കാൻ.
- വരും തലമുറയ്ക്കായി പകുത്തു നൽകേണ്ടതാണ് ഭൂമി എന്ന ബോധത്തോടെ ജീവിക്കാൻ പ്രേരിപ്പിക്കൽ.

## 5. പദ്ധതി രൂപീകരണ പ്രക്രിയ - ഘട്ടങ്ങൾ

- SRG യോഗത്തിൽ വികസന പദ്ധതികൾ അവതരിപ്പിക്കലും ചർച്ചയും.
- വികസനാവശ്യങ്ങൾ ക്ലാസ്/വിഷയം അടിസ്ഥാനത്തിൽ ഭൗതികം - അക്കാദമികം - സാമൂഹികം എന്നിങ്ങനെ തരം തിരിച്ച് കരട് രൂപരേഖ തയ്യാറാക്കൽ.
- കരട് രൂപരേഖ SRG, PTA, MPTA, DSA, രാഷ്ട്രീയ സംഘടന പ്രതിനിധികൾ, ജനപ്രതിനിധികൾ തുടങ്ങിയവരടങ്ങുന്ന ശില്പശാലയിൽ അവതരിപ്പിക്കൽ.
- ശില്പശാലയിൽ ഉയരുന്ന നിർദ്ദേശങ്ങൾ കൂട്ടിച്ചേർക്കൽ
- PTA നേതൃത്വത്തിൽ ക്രോഡീകൃത പദ്ധതിരേഖ തയ്യാറാക്കൽ.

## 6. നിലവിലെ അവസ്ഥാവിശകലനം

### എ. ഭൗതികം - നേട്ടങ്ങൾ

കുട്ടികൾക്കായി ശൗചാലയ കോംപ്ലക്സ് പണിതീർച്ചിട്ടുണ്ട്. സ്മാർട്ട് റൂമും കമ്പ്യൂട്ടർ ലാബും ഉൾപ്പെട്ട ഹൈടെക് ക്ലാസുകളുടെ പ്രവർത്തനം ആരംഭിക്കാൻ പോകുന്നു.

### ബി. ഭൗതികം - പരിമിതികൾ

- കുട്ടികൾക്കായുള്ള ഡൈനിംഗ് റൂം
- വിശാലമായ കളിസ്ഥലം
- വിശാലമായ ഹൈടെക് ക്ലാസുകൾ
- ക്ലാസ് മുറികളുടെ കുറവ്

- വിശാലമായ പൂന്തോട്ടം
- ജൈവ വൈവിധ്യ പാർക്ക്

സി. അക്കാദമികം - നേട്ടങ്ങൾ

വിവിധ സ്കോളർഷിപ്പ് പരീക്ഷകളിൽ പങ്കെടുത്തു വരുന്നു. ഭൂരിഭാഗം ഇതര സംസ്ഥാന വിദ്യാർത്ഥികളെ പഠിപ്പിക്കുന്ന ഈ വിദ്യാലയത്തിൽ കുട്ടികൾ നന്നായി മലയാളം വായിക്കുകയും എഴുതുകയും ചെയ്യുന്നു. സ്പോക്കൺ ഇംഗ്ലീഷും നല്ല രീതിയിൽ നടന്നു വരുന്നു.

ഡി. അക്കാദമികം - പരിമിതികൾ

വിവിധ മത്സരപരീക്ഷകളിൽ കുട്ടികളുടെ മികവ് വർധിക്കേണ്ടതുണ്ട്. സ്കൂൾ ഗ്രന്ഥശാല നവീകരിക്കണം. ലാബുകൾ പ്രത്യേക മുറികൾ നിർമിച്ച് ക്രമീകരിക്കണം. ക്ലാസ് ലൈബ്രറി പുസ്തകങ്ങൾ പൂർണമായി ക്രമീകരിക്കാൻ കഴിഞ്ഞിട്ടില്ല. കലാകായിക പരിശീലനം പൂർണമായ രീതിയിലേക്ക് ഉയർന്നിട്ടില്ല.

## 7. മികവിനുള്ള പ്രവർത്തനങ്ങൾ - ഒറ്റനോട്ടത്തിൽ

| അക്കാദമികം | ഭൗതികം | സാമൂഹികം |
| --- | --- | --- |
| • ഭാഷാശേഷി വികസനം<br>• ഇംഗ്ലീഷ് പഠന പരിപോഷണം<br>• ഗണിതശേഷി വികസനം<br>• ലൈബ്രറി ശാക്തീകരണം<br>• നാടകക്കളരി<br>• ജൈവ വൈവിധ്യ പാർക്ക്<br>• പഠനയാത്രകൾ<br>• കലാ - കായികമേള<br>• അധ്യാപക ശാക്തീകരണ പരിപാടികൾ<br>• SRG ശാക്തീകരണം<br>• ശാസ്ത്രാഭിരുചി വളർത്തൽ<br>• മെഡിക്കൽ ക്യാമ്പ്<br>• പോഷകാഹാര പരിപാടി<br>• ദിനാചരണം<br>• പച്ചക്കറിത്തോട്ടം നെൽകൃഷി<br>• ശാസ്ത്ര - ഗണിത ലാബ്<br>• രാഷ്ട്രഭാഷ - ശ്രേഷ്ഠഭാഷ<br>• ബുള്ളറ്റിൻ ബോർഡ്<br>• പ്ലാസ്റ്റിക് പുനരുപയോഗം | • കളിസ്ഥലം<br>• കിഡ്സ് പാർക്ക്<br>• വെയ്റ്റിംഗ് ഷെഡ്<br>• ശൗചാലയ സമുച്ചയം<br>• പൂന്തോട്ടം<br>• സൗണ്ട് സിസ്റ്റം<br>• ചുമർ ചിത്രം<br>• കുടിവെള്ള വിതരണം<br>• കമ്പ്യൂട്ടർ റൂം<br>• മൾട്ടിമീഡിയ റൂം<br>• ലൈബ്രറി<br>• അടുക്കള<br>• ക്ലാസ് മുറിയിലെ ഇരിപ്പിട സൗകര്യങ്ങൾ.<br>• ആധുനിക ബെൽ സിസ്റ്റം<br>• | • പൂർവ്വ വിദ്യാർത്ഥി സംഗമം<br>• അങ്കണവാടി ഫെസ്റ്റ്<br>• സൗജന്യ ചികിത്സാ ക്യാമ്പ്<br>• ഫുഡ് ഫെസ്റ്റ് |

## 8. പദ്ധതി വിശദാംശങ്ങൾ

### പ്രവർത്തനം 1

പേര് : ഭാഷാ അസംബ്ലികൾ

ഉപമേഖല: വിവിധ ഭാഷാ പോഷണം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| കുട്ടികൾക്ക് ഭാഷ ഒഴുക്കോടെ ഭയമില്ലാതെ കൈകാര്യം ചെയ്യാൻ സഹായിക്കുന്നു. | ആഴ്ചയിലെ ഓരോ ദിനവും ഓരോ ഭാഷയിൽ അസംബ്ലി നടത്തുന്നു. ആ ദിനത്തിന്റെ മുഴുവൻ പരിപാടികൾക്കും ആ ഭാഷ ഉപയോഗിക്കുന്നു. | എല്ലാ പ്രവർത്തി ദിനവും | ക്ലാസ് ടീച്ചർ | |

### പ്രവർത്തനം 2

പേര് : സ്പോക്കൺ ഇംഗ്ലീഷ് ക്ലാസുകൾ

ഉപമേഖല ; ഇംഗ്ലീഷ് പഠനം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഇംഗ്ലീഷ് ഭാഷ ഒഴുക്കോടെയും നിർഭയമായും സംസാരിക്കുക. | സ്പോക്കൺ ഇംഗ്ലീഷ് പഠനത്തിനായി ഒരു ഫിലിപ്പീൻസ് ടീച്ചറിനെ നിയമിച്ചു. അവർ കുട്ടികളെ പരിശീലനത്തിലൂടെ ഇംഗ്ലീഷ് സംസാരിപ്പിക്കുന്നു. | ആഴ്ചയിൽ എല്ലാ ദിനവും ഓരോ പിരിയഡ് വെച്ച് | സ്പോക്കൺ ഇംഗ്ലീഷ് അധ്യാപിക. | |

## പ്രവർത്തനം - 3

പേര് : പദപ്രശ്ന നിർമാണം

ഉപലക്ഷ്യം : ഇംഗ്ലീഷ് പഠനം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| കളികളിലൂടെയുള്ള ഭാഷാ പഠനം. | ഇംഗ്ലീഷ് പദപ്രശ്നങ്ങൾ നിശ്ചിത സമയത്തിനുള്ളിൽ ഉത്തരം കണ്ടെത്താനായി നൽകുന്നു. ലളിതമായ പസിലുകൾ തനിയെ കുട്ടികൾ നിർമിക്കുന്നു. | | | |

## പ്രവർത്തനം 4

പേര് : ഇംഗ്ലീഷ് തിയറ്റർ

ഉപമേഖല : ഇംഗ്ലീഷ് ഭാഷ

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| സർഗാത്മക പ്രവർത്തനങ്ങൾ ഇംഗ്ലീഷ് ഭാഷയിൽ അനായാസമായി ഉപയോഗിക്കുന്നു. | ഇംഗ്ലീഷ് പാഠപുസ്തകത്തിലെ പാഠഭാഗങ്ങൾ പുസ്തകത്തിൽ പ്രതിപാദിച്ചിരിക്കുന്നതിനു വിഭിന്നമായി വ്യത്യസ്ത വ്യവഹാരരൂപങ്ങളിലേക്ക് മാറ്റി എഴുതി സദസ്സിൽ അവതരിപ്പിക്കുന്നു. ഉദാ:- Skit, Role play, Conversation, drama. | | | |

## പ്രവർത്തനം 5

പേര് : ഗ്രാമർ സ്കൂൾ

ഉപമേഖല : ഇംഗ്ലീഷ് ഭാഷാ പഠനം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക മേഖല |
|---|---|---|---|---|
| ഇംഗ്ലീഷ് കൃത്യമായി പറയാനും എഴുതാനുമുള്ള നിലവാരത്തിലേക്ക് എത്തിക്കൽ. | ഒഴിവു സമയങ്ങളിൽ വ്യാകരണത്തിന് പ്രാധാന്യം നൽകിയിട്ടുള്ള ഇംഗ്ലീഷ് ക്ലാസുകൾ. | ആഴ്ച്ചയിൽ 2 പിരിയഡ് | ക്ലാസ് ടീച്ചർ, സ്പോക്കൺ ഇംഗ്ലീഷ് ടീച്ചർ. | |

## പ്രവർത്തനം - 6

പേര് : ഇംഗ്ലീഷ് ഫെസ്റ്റ്

ഉപമേഖല : ഇംഗ്ലീഷ് പഠനം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക മേഖല |
|---|---|---|---|---|
| ശുദ്ധിയോടെ ഭാഷ ഉപയോഗിക്കാൻ കഴിവു നേടൽ | മധ്യവേനൽ അവധിക്കാലത്ത് ആഴ്ചയിൽ 1 ദിവസം എന്ന നിലയിൽ പ്രവർത്തനങ്ങൾ online വഴിയായി ഇംഗ്ലീഷിൽ ചെയ്യിക്കുന്നു. | ആഴ്ചയിൽ ഒരു ദിവസം (അവധി കാലം) | P.T.A. അധ്യാപകർ | |

## പ്രവർത്തനം - 7

പേര് : ഞാനും വായിക്കും.

ഉപമേഖല : മലയാള ഭാഷാ പഠനം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക മേഖല |
|---|---|---|---|---|
| മലയാള ഭാഷ വ്യക്തമായി വായിക്കുന്നതിന് | കഥാപുസ്തകങ്ങൾ നൽകി ഒരു ഭാഗം ടീച്ചർ വായിച്ച് ബാക്കി കുട്ടികൾ തന്നെ വായിച്ചു മനസിലാക്കുന്നു. | ആഴ്ചയിൽ 1 പിരിയഡ് | ക്ലാസ് ടീച്ചർ | |

പ്രവർത്തനം - 8

പേര് : ഗ്രന്ഥശാല ശാക്തീകരണം

ഉപമേഖല : ഭാഷാശേഷി വികസനം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഒരു സാഹിത്യ രൂപത്തെ മറ്റൊരു രൂപത്തിലേക്ക് മാറ്റൽ | പരിചയപ്പെട്ടിട്ടുള്ള ബാലസാഹിത്യകൃതികൾ/ ചെറുകഥകൾ എന്നിവയുടെ നാടകാവിഷ്കരണം. | പ്രതിമാസ പരിപാടി | HM, PTA, ആർട്സ് ക്ലബ്, ലൈബ്രറി ഇൻചാർജ്ജ് | സ്പോൺസർഷിപ്പ് |

പ്രവർത്തനം - 9

പേര് : നാടകക്കളരി

ഉപമേഖല : ഭാഷാശേഷികളുടെ വികസനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| വിവിധ സാഹിത്യ രൂപങ്ങൾ പരിചയപ്പെടാൻ അവസരമൊരുക്കൽ | ഗ്രന്ഥശാലയിലെ പുസ്തകത്തിലെ ചെറുകഥ നാടകാവിഷ്കരണം നടത്തുന്നു. | വർഷത്തിൽ 2 പ്രാവശ്യം | ആർട്സ് ക്ലബ് | സ്പോൺസർഷിപ്പ് |

പ്രവർത്തനം - 10

പേര് : രചനാശില്പശാല

ഉപമേഖല : മാതൃഭാഷയിലെ വിവിധ ശേഷികളുടെ വികാസം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| സർഗാത്മക രചനകളിൽ ഏർപ്പെടാൻ അവസരമൊരുക്കൽ, വായനാ സാമഗ്രികളുടെ നിർമാണം | കഥാ-കവിതാ രചനാ ശില്പശാല സംഘടിപ്പിക്കൽ, ഉല്പന്നങ്ങൾ അച്ചടിച്ച് പ്രസിദ്ധീകരിക്കൽ, പഠന പ്രവർത്തനങ്ങൾക്ക് പ്രയോജനപ്പെടുത്തൽ | 1 ടേമിൽ 1 പ്രാവശ്യ | വിദ്യാരംഗം കലാസാഹിത്യ വേദി. | |

പ്രവർത്തനം : 11

പേര് : പതിപ്പ് തയ്യാറാക്കൽ

ഉപമേഖല : ഭാഷാശേഷി വികസനം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| കുട്ടികളുടെ സർഗാത്മക രചനകൾ പ്രസിദ്ധീകരിക്കുന്നതിന് | കുട്ടികൾ തനിയെ എഴുതിയും വരച്ചും തയ്യാറാക്കിയ രചനകൾ പതിപ്പിൽ ചേർക്കുന്നു. പതിപ്പ് പ്രകാശനം നടത്തുന്നു. | ഓരോ ടേമിലും | ക്ലാസ് ടീച്ചർ | |

പ്രവർത്തനം : 12

പേര് : ദിനാചരണങ്ങൾ

ഉപമേഖല : സമഗ്രവികസനം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| വിവിധ ശേഷികളുടെ വികസനം | ജൂൺ മുതൽ മാർച്ച് വരെ ദിനാചരണങ്ങളുമായി ബന്ധപ്പെട്ട് നടത്തേണ്ടവ SRG-യിൽ രൂപപ്പെടുത്തുന്നു. നിശ്ചിത ദിവസങ്ങളിൽ നടത്തുന്നു. | ആവശ്യാനുസരണം | എസ്. ആർ. ജി. | |

പ്രവർത്തനം - 13

പേര് : ഗണിതലാബ് സജ്ജീകരിക്കൽ

മേഖല/ഉപമേഖല : അക്കാദമികം / ഗണിതം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഗണിത പ്രവർത്തനങ്ങൾ സുഗമമാക്കാൻ | വിദ്യാലയത്തിലെ ഒരു മുറി ഗണിതലാബിനായി സജ്ജീകരിക്കുന്നു. അവിടെ ഗണിത ക്ലാസ് നടത്തുന്നു. | ആവശ്യാനുസരണം | ഗണിത ക്ലബ്. | |

പ്രവർത്തനം - 14

പേര് : ഗണിതം മധുരം

ഉപ മേഖല : ഗണിത ബോധം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഗണിത ബോധം കുട്ടികളിൽ വളർത്തൽ | വിവിധ കളികളിലൂടെ സംഖ്യകളുടെ ക്രമവും സംഖ്യാ ബോധവും കുട്ടികൾക്ക് നൽകുന്നു. | ആഴ്ചയിൽ ഒരു പിരിയഡ് | ക്ലാസ് ടീച്ചർ | |

പ്രവർത്തനം - 15

പേര് : ശാസ്ത്ര ലാബ് നവീകരിക്കൽ

ഉപമേഖല : ശാസ്ത്രം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ശാസ്ത്ര ലാബിനെ സജ്ജീകരിക്കൽ | സയൻസ് ലാബിലെ വിവിധ ഉപകരണങ്ങളും രാസവസ്തുക്കളും തരംതിരിച്ച് ക്രമപ്പെടുത്തുന്നു. കാറ്റലോഗ് തയ്യാറാക്കുന്നു. | 1 പ്രാവശ്യം | സയൻസ് ക്ലബ് | |

പ്രവർത്തനം - 16

പേര് : ശാസ്ത്ര യാത്രകൾ

ഉപമേഖല : ശാസ്ത്രം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ശാസ്ത്ര പഠനം രസകരമാക്കൽ | AISAT കോളേജിലെ ശാസ്ത്രപ്രദർശനങ്ങൾ നിരീക്ഷിക്കുന്നതിനും കമ്പ്യൂട്ടർ പഠനത്തിനുമായി നടത്തുന്ന യാത്രകൾ. | പ്രതിവർഷം 1 യാത്ര | സയൻസ് ക്ലബ് | 20,000 സ്പോൺസർഷിപ്പ് |

## പ്രവർത്തനം - 17

പേര് : മേളകൾ

ഉപമേഖല : ശാസ്ത്രം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ശാസ്ത്രം പ്രവർത്തനമാണ് എന്ന് മനസിലാക്കൽ | സ്കൂൾ തല ശാസ്ത്ര മേളയിൽ എല്ലാ കുട്ടികളുടെയും പങ്കാളിത്തം ഉറപ്പിക്കൽ, ഉപജില്ലാ തലത്തിൽ പരമാവധി പങ്കാളിത്തം. | വർഷത്തിൽ ഒരു പ്രാവശ്യം | സയൻസ് ക്ലബ് | |

## പ്രവർത്തനം : 18

പേര് : സാമൂഹ്യശാസ്ത്ര ലാബ്

ഉപമേഖല : സാമൂഹ്യ ശാസ്ത്രം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| സാമൂഹിക ശാസ്ത്ര പഠനം കൂടുതൽ ശാസ്ത്രീയമാക്കുക. | വിദ്യാലയത്തിലെ സൗകര്യപ്രദമായ ഒരു മുറിയിൽ സാമൂഹ്യ ശാസ്ത്ര ലാബ് ക്രമീകരിക്കുന്നു. സാമൂഹ്യ ശാസ്ത്ര ക്ലാസുകൾ അവിടെ നടത്തുന്നു. പ്രൊജക്ടറുകൾ പ്രയോജനപ്പെടുത്തുന്നു. | വർഷത്തിൽ 1 പ്രാവശ്യം | സാമൂഹ്യ ശാസ്ത്ര ക്ലബ് | |

## പ്രവർത്തനം - 19 പേര് : പഠനയാത്രകൾ

ഉപമേഖല : സാമൂഹ്യശാസ്ത്രം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| പ്രത്യക്ഷാനുഭവത്തിലൂടെ പാഠ്യവസ്തുതകൾ ഗ്രഹിക്കുന്നതിന്. | സാമൂഹ്യശാസ്ത്ര പ്രാധാന്യമുള്ള സ്ഥലങ്ങൾ, മ്യൂസിയങ്ങൾ, സ്മാരകങ്ങൾ തുടങ്ങിയ ഇടങ്ങളിലേക്ക് നടത്തുന്ന പഠനയാത്രകൾ. | വർഷത്തിൽ 3 പ്രാവശ്യം | എസ്. ആർ. ജി | 10,000/- (സ്പോൺസർഷിപ്പ്) |

## പ്രവർത്തനം - 20

പേര് : മോക്ക് പാർലമെന്റ്

ഉപമേഖല : സാമൂഹ്യശാസ്ത്രം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ജനാധിപത്യ മൂല്യങ്ങൾ വളർത്തിയെടുക്കൽ | പ്രകടനപത്രിക പ്രചാരണം, മീറ്റ് ദി കാൻഡിഡേറ്റ്, ബാലറ്റ് പേപ്പറും വോട്ടർ മെഷീനും വെച്ചുള്ള വോട്ടെടുപ്പ് എന്നിവയിലൂടെ സ്കൂൾ പാർലമെന്റ് രൂപീകരിക്കൽ. ഇതിന്റെ നേതൃത്വത്തിൽ ഇടവേളകളിൽ മോക്ക് പാർലമെന്റ് നടത്തുന്നു. | ഓരോ ടേമിലും ഒരു സമ്മേളനം വീതം | എസ്.ആർ.ജി, സ്കൂൾ പാർലമെന്റ് | |

## പ്രവർത്തനം - 21

പേര് : ബുള്ളറ്റിൻ ബോർഡ്

ഉപമേഖല : സാമൂഹിക ശാസ്ത്രം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| സാമൂഹിക ശാസ്ത്ര അറിവുകളെ അപ്ഡേറ്റ് ചെയ്യൽ | വിദ്യാലയത്തിലെ മുഴുവൻ വിദ്യാർത്ഥികൾക്കും വായിക്കുവാൻ സൗകര്യപ്രദമായ ഒരിടത്ത് ബുള്ളറ്റിൻ ബോർഡ് സ്ഥാപിച്ച് സാമൂഹിക ശാസ്ത്ര വാർത്താ പ്രാധാന്യങ്ങൾ പ്രദർശിപ്പിക്കുന്നു. | എല്ലാ പ്രവൃത്തി ദിവസങ്ങളിലും | സാമൂഹ്യ ശാസ്ത്ര ക്ലബ്. | |

പ്രവർത്തനം - 22.

പേര് : രാഷ്ട്രഭാഷ, ശ്രേഷ്ഠഭാഷ

ഉപമേഖല : അക്കാദമികം / ഹിന്ദി

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഹിന്ദി പഠനം കാര്യക്ഷമമാക്കൽ | ഹിന്ദിയിൽ വിവിധ പതിപ്പുകൾ തയ്യാറാക്കൽ, നാടകീകരണം, ഹിന്ദി ബുള്ളറ്റിൻ പ്രസിദ്ധീകരിക്കൽ, ആഴ്ചയിൽ ഒരു ദിനം പ്രവർത്തനങ്ങൾ ഹിന്ദിയിൽ ചെയ്യുന്നു. | മാസത്തിൽ ഒന്നു വീതം | ഹിന്ദി ക്ലബ് | |

പ്രവർത്തനം - 23

പേര് : കായിക പരിശീലനം

ഉപമേഖല : അക്കാദമികം/കായിക വിദ്യാഭ്യാസം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| കായിക പരിശീലനം കാര്യക്ഷമമാക്കൽ | രാവിലെയും വൈകുന്നേരവും കുട്ടികൾക്ക് കായിക പരിശീലനം, ലഘു ഭക്ഷണം. | ആഴ്ചയിൽ 3 ദിവസം | കായിക അധ്യാപകൻ | |

പ്രവർത്തനം - 24

പേര് : യോഗ - കരാട്ടെ ക്ലാസുകൾ

ഉപമേഖല : കായിക വിദ്യാഭ്യാസം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| കായിക പരിശീലനം മനസ്സിന്റെ ആരോഗ്യത്തിനും നിത്യജീവിതത്തിലും ഉപകരിക്കുന്നു. | മാനസികാരോഗ്യത്തിനും ഊർജ്ജസ്വലമാകാനും യോഗ - കരാട്ടെ ക്ലാസുകൾ നടത്തൽ | ആഴ്ചയിൽ 1 വീതം | യോഗ / കരാട്ടെ അധ്യാപകൻ | |

## പ്രവർത്തനം - 25

പേര് : കായിക താരങ്ങൾക്ക് സമ്മാനങ്ങൾ

ഉപമേഖല : കായിക വിദ്യാഭ്യാസം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| സമ്മാനം നൽകി ആദരിക്കൽ | സ്കൂൾ - ഉപജില്ലാ തല വിജയികൾക്ക് ക്യാഷ് അവാർഡും സമ്മാനവും നൽകൽ | ഓരോ തലത്തിലെയും മത്സരങ്ങൾക്ക് ശേഷം | കായിക അധ്യാപകർ | |

## പ്രവർത്തനം - 26

പേര് : മെഡിക്കൽ ക്യാമ്പ്

ഉപമേഖല : അക്കാദമികം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ആരോഗ്യമുള്ള സമൂഹത്തെ രൂപപ്പെടുത്തൽ | വർഷത്തിൽ ഒരിക്കൽ കുട്ടികൾക്കും രക്ഷിതാക്കൾക്കും സ്കൂളിനോട് ചേർന്ന പ്രദേശത്തു വസിക്കുന്നവർക്കുമായി സമഗ്രമായ വൈദ്യപരിശോധന നടത്തൽ | വർഷത്തിൽ ഒന്നു വീതം | H. M P.T.A | 5,000 ₹ സ്പോൺസർഷിപ്പ് |

## പ്രവർത്തനം - 27

പേര് ; പച്ചക്കറിത്തോട്ടം

മേഖല ; അക്കാദമികം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| കാർഷിക സംസ്കൃതിയെ വീണ്ടെടുക്കൽ | വിദ്യാലയത്തിൽ സൗകര്യപ്രദമായ സ്ഥലത്ത് കോവൽ, ചീര, തുടങ്ങിയ പച്ചക്കറികളുടെ തോട്ടം ഉണ്ടാക്കൽ | വർഷത്തിൽ ഒരു പ്രാവശ്യം | എസ്. ആർ. ജി | 2500 ₹ കൃഷി വകുപ്പ് |

## പ്രവർത്തനം - 28

പേര് : കരനെൽകൃഷി

മേഖല : അക്കാദമികം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| കൃഷിയെ അടുത്തറിയാൻ | സ്കൂളിന്റെ ഒരു ഭാഗം കരനെൽ കൃഷി ചെയ്യുവാനായി സജ്ജമാക്കുന്നു. | വർഷത്തിൽ ഒരു പ്രാവശ്യം | H. M, PTA | 5000₹ PTA ഫണ്ട് |

## പ്രവർത്തനം - 29

പേര് : ജൈവ വൈവിധ്യപാർക്ക് വിപുലീകരണം

അക്കാദമികം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| പ്രകൃതിയെ കൂടുതൽ അടുത്തറിയാൻ അവസരമൊരുക്കൽ | നിലവിലുള്ള ജൈവ വൈവിധ്യപാർക്ക് മോടിപിടിപ്പിക്കുകയും കൂടുതൽ വൈവിധ്യങ്ങൾ ഉൾപ്പെടുത്തി വിപുലീകരിക്കുന്നു. | ഒരു പ്രാവശ്യം | H.M, P.T.A, ക്ലാസ് ടീച്ചർ | 10,000₹ |

## പ്രവർത്തനം - 30

പേര് : ഫീൽഡ് ട്രിപ്പ്

മേഖല : അക്കാദമികം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| വിവിധ യാത്രാസൗകര്യങ്ങൾ അനുഭവവേദ്യമാകുവാൻ | കുട്ടികൾക്ക് ദൃശ്യവത്ക്കരണ ബുദ്ധിയും സാമൂഹിക ബുദ്ധിയും വികസിക്കുവാനും അനുഭവത്തിലൂടെ സൗഹൃദത്തെ തിരിച്ചറിയുന്നു. | ഒരു പ്രാവശ്യം | H. M., P.T.A. ക്ലാസ് ടീച്ചർ | 1,00,00₹ (സ്പോൺസർഷിപ്പ്) |

## പ്രവർത്തനം - 31

പേര് : പോഷകാഹാര പരിപാടി

മേഖല : അക്കാദമികം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ആരോഗ്യമുള്ള ശരീരം പഠനത്തിന് അനിവാര്യം | ദിവസവും വ്യത്യസ്തമെനു വെച്ച് പോഷക സമൃദ്ധമായ ഭക്ഷണം നൽകുന്നു. | എല്ലാ പ്രവൃത്തി ദിനവും | ഉച്ചഭക്ഷണ ചുമതലയുള്ള ടീച്ചർ, HM, PTA | |

## പ്രവർത്തനം - 32

പേര് : ശാസ്ത്ര മാജിക്

മേഖല : അക്കാദമികം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| കുട്ടികളിൽ ശാസ്ത്രാഭിരുചി വളർത്തുക | ശാസ്ത്ര തത്വങ്ങൾ എളുപ്പം മനസിലാക്കുവാൻ ഉപകരിക്കുന്ന ലഘു പരീക്ഷണങ്ങൾ കുട്ടികൾ തന്നെ അവതരിപ്പിക്കുന്നു. അവയുടെ പ്രവർത്തനക്രമം ചിത്രം സഹിതം പ്രത്യേകം വരച്ച് ബുക്കിൽ രേഖപ്പെടുത്തണം. | മാസത്തിൽ 1 വീതം | എസ്. ആർ. ജി. | |

## പ്രവർത്തനം - 33

പേര് : കമ്പ്യൂട്ടർ ലാബ് നവീകരണം

മേഖല : അക്കാദമികം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| വിവര സാങ്കേതിക വിദ്യയുടെ സഹായത്തോടെ സമ്പൂർണ്ണ വിദ്യാഭ്യാസം. | ക്ലാസുകൾ ഹൈടെക് സ്മാർട്ട് ക്ലാസ് റൂമുകൾ ആക്കുന്നു. എല്ലാ കുട്ടികളും കമ്പ്യൂട്ടർ കൈകാര്യം ചെയ്യാൻ കമ്പ്യൂട്ടർ ലാബ് നവീകരിക്കുന്നു. | 1 വർഷം | H.M, പി.ടി.എ | 1,00,000₹ (റോട്ടറി ക്ലബ് സ്പോൺസർഷിപ്പ്) |

പ്രവർത്തനം 34

പേര് : പ്ലാസ്റ്റിക് കുപ്പികളുടെ പുനരുപയോഗം

മേഖല : അക്കാദമികം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
| --- | --- | --- | --- | --- |
| പ്രകൃതിയെ നശിപ്പിക്കുന്ന പ്ലാസ്റ്റിക്കുകൾ പുനരുപയോഗം ചെയ്യാൻ | പ്ലാസ്റ്റിക് കുപ്പികൾ മുറിച്ച് മണ്ണ് നിറച്ച് ചെറിയ ചെടികൾ നട്ട് മനോഹരമായ പൂച്ചട്ടികളാക്കി സ്കൂളിനെ മനോഹരമാക്കുന്നു. | ആഴ്ചയിൽ ഒരു മണിക്കൂർ | ക്ലാസ് ടീച്ചർ | |

പ്രവർത്തനം - 35

പേര് : ക്ലാസ് പി.ടി.എ സജീവമാക്കൽ

മേഖല ; അക്കാദമികം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
| --- | --- | --- | --- | --- |
| കുട്ടികളുടെ പഠന വിഷയത്തിൽ മാതാപിതാക്കളുടെ പങ്ക് കാര്യക്ഷമമാക്കൽ | ക്ലാസ് പിടിഎ കൃത്യമായ അജണ്ട വച്ച് പ്രതിമാസം ചേരൽ, പഠന പുരോഗതി പരിശോധിക്കൽ, മികവുകളുടെ അവതരണം, പൊതുചർച്ച എന്നിവ നടത്തുന്നു. | പ്രതിമാസ പരിപാടി | ക്ലാസ് ടീച്ചർ | |

പ്രവർത്തനം - 36

പേര് : ഫുഡ് ഫെസ്റ്റ്

മേഖല : ഭൗതികം/സാമൂഹികം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
| --- | --- | --- | --- | --- |
| അടിസ്ഥാന സൗകര്യങ്ങളുടെ വികസനത്തിനായി | സ്കൂൾ നവീകരണ പ്രവർത്തനങ്ങൾക്കാവശ്യമായ ഫണ്ട് സമാഹരിക്കാൻ ഭക്ഷണ പദാർത്ഥങ്ങൾ വിൽപന നടത്തുന്നു. | വർഷത്തിൽ ഒരു പ്രാവശ്യം | H. M, Staff + Parents | 10,000/- |

## പ്രവർത്തനം - 37

പേര് : ഡൈനിംഗ് ഹാൾ

മേഖല : ഭൗതികം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ശുചിത്വം + ആരോഗ്യം + പഠനം | സ്കൂളിലെ കിച്ചൺ നവീകരിക്കുന്നതിനോടൊപ്പം കുട്ടികൾക്ക് ഇരുന്ന് കഴിക്കുവാനുള്ള സൗകര്യത്തിൽ ഡൈനിംഗ് ഹാൾ ഒരുക്കുന്നു. | രണ്ട് വർഷം | HM, P.T.A | 3,00,000 |

## പ്രവർത്തനം - 38

പേര് : ശൗചാലയ സമുച്ചയം

മേഖല : ഭൗതികം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| പാഠം ഒന്ന് ശുചിത്വം | സ്കൂൾ ബിൽഡിംഗിനോട് ചേർന്ന് ശൗചാലയ സമുച്ചയം നിർമിക്കൽ | രണ്ട് വർഷം | H. M, P.T.A | 2 ലക്ഷം |

## പ്രവർത്തനം - 39

പേര് : പൂന്തോട്ടം വിപുലീകരിക്കൽ

മേഖല : ഭൗതികം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| സസ്യ സംരക്ഷണം | നിലവിലുള്ള പൂന്തോട്ടം കൂടുതൽ മനോഹരവും ആകർഷകവുമാക്കുവാൻ വേണ്ട നടപടികൾ | 3 മാസത്തിൽ ഒരിക്കൽ | Nature club | |

## പ്രവർത്തനം - 40

പേര് : ചുമർ ചിത്രങ്ങൾ

മേഖല : ഭൗതികം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| കാർട്ടൂൺ ചിത്രങ്ങൾ വരച്ച് ആകർഷകമാക്കുന്നു. | സ്കൂളിന്റെ ഓരോ ചുവരും ക്ലാസ് മുറികളും ആകർഷകമാക്കൽ | 1 വർഷം | P.T. A | |

## പ്രവർത്തനം - 41

പേര് : പൂർവ്വ വിദ്യാർത്ഥി സംഗമം

മേഖല : സാമൂഹികം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| സാമൂഹിക പങ്കാളിത്തം ഉറപ്പാക്കൽ | വിവിധ ബാച്ചുകളിലായി പൂർവ്വ വിദ്യാർത്ഥികളുടെ സംഗമം വിളിച്ചു ചേർക്കൽ. അവരുടെ മുൻപിൽ വിദ്യാലയത്തിന്റെ ആവശ്യങ്ങൾ അവതരിപ്പിക്കൽ/ഫണ്ട് സമാഹരിക്കൽ. | വർഷത്തിൽ 1 പ്രാവശ്യം | H.M + Staff | |

## പ്രവർത്തനം - 42

പേര് : സൗജന്യ നേത്ര ചികിത്സാക്യാമ്പ്

മേഖല : സാമൂഹികം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| സാമൂഹ്യ പ്രവർത്തനങ്ങളിൽ ഏർപ്പെടൽ | പൊതുജനങ്ങൾക്കായി സൗജന്യ ചികിത്സാക്യാമ്പുകൾ സംഘടിപ്പിക്കുന്നു. | വർഷത്തിൽ 1 പ്രാവശ്യം | H M, P.T.A | സ്പോൺസർഷിപ്പ് |

9. <u>പ്രതീക്ഷിത നേട്ടങ്ങൾ</u>

- അക്കാദമിക നിലവാരം ഉയർത്തി വിദ്യാർത്ഥികളുടെ പ്രവേശന നിരക്ക് വർധിപ്പിക്കുക.
- ശിശുസൗഹൃദപരമായ അന്തരീക്ഷത്തിൽ മികച്ച പഠനാന്തരീക്ഷം ഒരുക്കുന്നു
- സമൂഹവുമായി ചേർന്നു നിന്നുകൊണ്ടു തന്നെ സ്കൂളിന്റെ പ്രവർത്തനങ്ങളും വളർച്ചയും.
- മതനിരപേക്ഷ സമൂഹത്തെ നിലനിർത്താൻ കഴിയുന്നു.
- വിവരസാങ്കേതിക വിദ്യ പരമാവധി പ്രയോജനപ്പെടുത്തുന്നു.


10. <u>മോണിറ്ററിംഗ് രീതി.</u>

- ഉദ്യോഗസ്ഥ തലത്തിലുള്ള മോണിറ്ററിംഗ്
- PTA, MPTA, SSG, SRG, SSA എന്നിവരെ ഉൾപ്പെടുത്തി സോഷ്യൽ മോണിറ്ററിംഗ്
- എച്ച്. എം, SRG കൺവീനർ, PTA പ്രസിഡന്റ് എന്നിവരുടെ നേതൃത്വത്തിലുള്ള ദൈനം ദിന മോണിറ്ററിംഗ്


## 11 ഉപസംഹാരം

വിദ്യാഭ്യാസത്തെ കച്ചവട കണ്ണോടെ മാത്രം കണ്ടുകൊണ്ട് ഭീമമായ തുക ഈടാക്കി വിദ്യാഭ്യാസത്തെ വ്യാണിജ്യ വൽക്കരിക്കുകയും അപമാനിക്കുകയും ചെയ്യുന്ന അൺ-എയ്ഡഡ് സ്കൂളുകളോട് മത്സരിച്ച് മികച്ച അക്കാദമിക ഭൗതിക സാഹചര്യങ്ങൾ ഒരുക്കി അന്താരാഷ്ട്ര നിലവാരമുള്ള വിദ്യാർത്ഥികളെ വാർത്തെടുത്ത് വിദ്യാഭ്യാസത്തിന്റെ പവിത്രത നിലനിർത്തുക എന്ന ലക്ഷ്യം മുൻനിറുത്തിയാണ് ഓരോ പൊതു വിദ്യാലയവും സമൂഹത്തിൽ പ്രവർത്തിക്കുന്നത്. അതിനു വേണ്ടിയുള്ള ഒരു ചവിട്ടുപടിയായാണ് ഈ കർമ്മപദ്ധതി ആസൂത്രണം ചെയ്തിരിക്കുന്നത്. ഓരോരുത്തരുടെയും നിസ്വാർത്ഥവും ആശോജ്ജ്വലവുമായ പ്രവർത്തനങ്ങളിലൂടെ ഈ മാസ്റ്റർ പ്ലാൻ പ്രാവർത്തികമാക്കുവാൻ സാധിക്കട്ടെ എന്ന പ്രതീക്ഷിക്കുന്നു.

## SKETCH PLAN OF EXISTING BUILDING OF L.F.U.P SCHOOL, KALOOR



BLOCK No: 1



BLOCK No: 2

### MEASUREMENTS

1 x 8.40 x 6.10 x 3.90 m - G.F

1 x 2.95 x 1.80 x 3.90 m - G.F

4 x 6.10 x 6.20 x 3.90 m - G.F

5 x 6.10 x 6.20 x 3.90 m - F.F

42.7 x 5.5 x 3.90 m